22/11/2024

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/11/2024

1. കർഷക സേവനങ്ങൾ വേഗത്തിലാക്കാൻ കർഷക രജിസ്ട്രി. കൃഷിക്കുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (അഗ്രി സ്റ്റാക്ക്) ഘടകങ്ങളിലൊന്നാണ് കർഷക രജിസ്ട്രി. കർഷക രജിസ്ട്രി പ്രവർത്തന ക്ഷമമാകുന്നതിന്റെ ഫലമായി സർക്കാർ പദ്ധതികൾ വേഗത്തിലും, സുതാര്യമായും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ പേപ്പർ രഹിതവും സുഗമവുമായുള്ള വിള വായ്പകൾ, തടസ്സങ്ങളില്ലാതെയുള്ള വിള സംഭരണം തുടങ്ങിയവ കർഷകർക്ക് ഗുണകരമായ രീതിയിൽ ലളിതവത്ക്കരിക്കുന്നതിനായുള്ള കർഷക കേന്ദ്രീകൃത ഡിജിറ്റൽ പരിഹാരങ്ങൾ വികസിപ്പിക്കാൻ കർഷക രജിസ്ട്രി സഹായിക്കും. കേരളത്തിലെ പി എം കിസാൻ ഗുണഭോക്താക്കൾ ഉൾപ്പെടെ 30 ലക്ഷം കർഷകരെ കർഷക രജിസ്ട്രിയുടെ ഭാഗമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന കർഷകരുടെ വിവരങ്ങൾ ഉപയോഗിച്ച് ദേശീയതലത്തിൽ ജനറേറ്റ് ചെയ്യുന്ന ഒരു കർഷക ഐഡി കർഷകർക്ക് ലഭ്യമാകുന്നു. ഇതുപയോഗിച്ച് കർഷകർക്ക് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ മറ്റ് രേഖകളൊന്നും കൂടാതെ തന്നെ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാകും. കർഷക രജിസ്ട്രിയുമായി ബന്ധപ്പെട്ട് കൃഷിഭവനിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ തന്നെ കേന്ദ്ര സർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന OTP നല്കി ആധാർ കാർഡ്, തങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ, കരമടച്ച രസീത് എന്നിവയുമായി ഒത്തു നോക്കി ശരിയാണെന്നു ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിൽ പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർഷകർക്ക് കർഷക രജിസ്ട്രിയിൽ

വിവരങ്ങൾ ചേർക്കുന്നതിന് സ്വന്തമായി സാധ്യമല്ലെങ്കിൽ അടുത്തുള്ള അക്ഷയ സെന്ററിന്റേയോ, കോമൺ സർവീസ് സെന്ററിന്റേയോ കൃഷിഭവന്റെയോ സഹായം തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിലോ, 0471 -2309122, 2303990, 2968122 എന്നീ ഹെല്പ് ഡെസ്ക് നമ്പരുകളിലോ വിളിക്കേണ്ടതാണ്.

2. വെള്ളായണി കാർഷിക കോളേജിലെ പി. എച്. ഡി ഗവേഷണ പഠനവുമായി ബന്ധപ്പെട്ട് പുലാസൻ മരങ്ങളുടെ വർഗ്ഗീകരണത്തിനായി പുലാസൻ മരങ്ങൾ കൃഷി ചെയ്തിട്ടുള്ള വ്യക്തികൾ താഴെ കൊടുത്തിട്ടുള്ള ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ വാട്സ്അപ്പ് സന്ദേശം അല്ലെങ്കിൽ ഇ-മെയിൽ അയക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 7904890962 എന്ന ഫോൺ നമ്പരിലോ sristigovindharasu@gmail.com എന്ന മെയിൽ ഐഡിയോ സന്ദർശിക്കുക.

3. മൃഗസംരക്ഷണ വകുപ്പ് മുഖേന ഇടത്തരം ക്ഷീരകർഷകർക്കുള്ള സമഗ്ര ഫാം സഹായ പാക്കേജ് പദ്ധതി 2024-25 അനുസരിച്ച് ആലപ്പുഴ ജില്ലയിൽ മൂന്ന് യൂണിറ്റുകൾ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. കുറഞ്ഞത് പത്തു കറവ പശുക്കളോ അല്ലെങ്കിൽ കൂടിയത് 20 കറവ പശുക്കളോ ഉള്ള കർഷകരെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. നിർവ്വഹണചെലവ് ഉൾപ്പെടെ 100000/- രൂപയുടെ സാമ്പത്തിക സഹായമാണ് മൃഗസംരക്ഷണ വകുപ്പ് നൽകുന്നത്. ആലപ്പുഴ ജില്ലയിലെ അർഹരായ ക്ഷീരകർഷകർക്ക് ബന്ധപ്പെട്ട മൃഗാശുപത്രികൾ മുഖേന പ്രത്യേക ഫോമിൽ ആവശ്യമായ രേഖകൾ സഹിതം നവംബർ 30 നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് അതാത് പഞ്ചയാത്തിലെ മൃഗാശുപത്രിയുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 0477-2252431

4. നവംബർ 26 ദേശീയ ക്ഷീരദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി 2024 നവംബർ 22,23,24 തീയതികളിൽ കേരളവെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കീഴിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജി, കോലാഹലമേട്, ഇടുക്കിയിൽ **"ജീവനീയം 24-ഡെയറി എക്സ്പോ"** നടത്തപ്പെടുന്നു. പരിപാടിയുടെ ഉദ്ഘാടനം പീരുമേട് എം.എൽ.എ. വാഴൂർ സോമൻ നിർവ്വഹിക്കും. മുഖ്യ അതിഥിയായി ഇടുക്കി ജില്ലാ കളക്ടർ, വി.വിഘ്നേശ്വരി ഐ.എ.എസ്. പങ്കെടുക്കും. പാലിൽ നിന്നുള്ള വിവിധതരം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും, ക്ഷീരമേഘലയിലെ നൂതന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തൽ, ബിസിനസ് അവസരങ്ങൾ, പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്ന പ്രദർശനങ്ങൾ, വിവിധ സ്റ്റാളുകൾ എന്നിവ ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

## പരിശീലന പരിപാടി

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ **'ശുദ്ധജല മത്സ്യകൃഷി'**(തിലാപ്പിയ,വരാൽ) എന്ന വിഷയത്തിൽ 28.11.24-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773എന്ന ഫോൺ നമ്പറിൽ 26.11.2024, ന് മുമ്പായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം